പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1366 11-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക ഇൻഷുറൻസ് പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യ കാർഷിക ഇൻഷ്വറൻസ് കമ്പനികളാണ് നിലവിലുള്ളത്; 2016-2017-ൽ കർഷകരിൽ നിന്നു ഇവർ ഈടാക്കിയ ഇൻഷ്വറൻസ് പ്രീമിയം എത്രയാണെന്നും ഇതിൽ എത്ര തുക ക്ലെയിം ഇനത്തിൽ നൽകിയെന്നും സംസ്ഥാനത്തെ കാർഷികമേഖലയിലുണ്ടായ നഷ്ടങ്ങളിൽ സ്വകാര്യ ഇൻഷ്വറൻസ് പരിരക്ഷയുള്ളവരുടെ ക്ലെയിം തുകകൾ പൂർണ്ണമായും നല്കിയിട്ടുണ്ടോ എന്നും അറിയുമോ; | (എ) | സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെയൊന്നും തന്നെ പങ്കാളികളാക്കിയിരുന്നില്ല. 2016-17 ഖാരിഫ് സീസണിൽ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുള്ള ബിഡ്ഡിംഗ് പ്രോസസിൽ 10 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തിരുന്നു. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>1. എച്ച്.ഡി.എഫ്.സി. എർഗോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>2. ഐ.സി.ഐ.സി.ഐ. ലൊമ്പാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>3. ഇഫ്കോ ടോക്കിയോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>4. ചോളമണ്ഡലം എംഎസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>5. ടാറ്റ-എഐജി ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>6. ഫ്യൂച്ചർ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>7. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>8. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് |

9. എസ്ബിഐ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

10. യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

എന്നാൽ 2016-17 ഖാരിഫ് സീസണിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്നില്ല. 2016-17 റാബി സീസണിൽ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളാരും തന്നെ പങ്കെടുത്തില്ല.

| | | | |
|---|---|---|---|
| **(ബി)** | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് പ്രീമിയം ഇനത്തിൽ ശേഖരിച്ചത്; ഇതിൽ എത്ര തുക ക്ലെയിം ഇനത്തിൽ കർഷകർക്ക് മടക്കി നല്കിയിട്ടുണ്ട്; | **(ബി)** | 2016-17 സാമ്പത്തിക വർഷം സർക്കാർ 1,05,98,025.3 രൂപ സർക്കാർ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പ്രീമിയം ഇനത്തിൽ ശേഖരിച്ചിട്ടുണ്ട്. നഷ്ടപരിഹാര ഇനത്തിൽ 2478 കർഷകർക്ക് 1,59,87,097/- രൂപ നൽകിയിട്ടുണ്ട്. |
| **(സി)** | കർഷകർക്ക് നഷ്ട പരിഹാര ഇനത്തിൽ വിതരണം ചെയ്ത തുകയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ; | **(സി)** | വിവരം അനുബന്ധത്തിൽ കാണാവുന്നതാണ്. |
| **(ഡി)** | പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം എത്ര തുകയാണ് 2016-2017 വർഷത്തിൽ കർഷകർക്ക് ലഭിച്ചത്; ഈ പദ്ധതി പ്രകാരം ഇനി എത്ര കർഷകർക്ക്, എത്ര തുകയാണ് നഷ്ടപരിഹാര ഇനത്തിൽ നല്കാനുള്ളത്; വ്യക്തമാക്കുമോ ? | **(ഡി)** | സംസ്ഥാനത്ത് 2016-17 ഖാരിഫ് സീസണിൽ പ്രധാന മന്ത്രി ഫസൽ ബീമ യോജന പദ്ധതി നടപ്പാക്കിയിരുന്നില്ല. 2016-17 റാബി സീസണിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും, കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. ടി അപേക്ഷയിൽ തീർപ്പാക്കി നഷ്ട പരിഹാര തുകകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## State Crop Insurance Scheme 2016-17

## Progress Report as on 31/03/2017

| Sl.No. | District | No.of Farmers enrolled | Amount of Premium collected (Rs.) | Compensation Paid (Rs.) | No.of Farmers benefitted |
|---|---|---|---|---|---|
| 1 | Thiruvananthapuram | 914 | 342007 | 753050 | 208 |
| 2 | Kollam | 666 | 103041 | 565140 | 0 |
| 3 | Pathanamthitta | 1232 | 342343 | 143650 | 55 |
| 4 | Alappuzha | 10320 | 1332760.7 | 9144737 | 909 |
| 5 | Kottayam | 8249 | 865920 | 705200 | 147 |
| 6 | Idukki | 400 | 427566 | 699510 | 94 |
| 7 | Ernakulam | 4834 | 223786.4 | 373450 | 83 |
| 8 | Thrissur | 10495 | 584333 | 148020 | 61 |
| 9 | Palakkad | 25681 | 1735105 | 681100 | 139 |
| 10 | Malappuram | 4457 | 450614 | 353570 | 63 |
| 11 | Kozhikode | 423 | 40506 | 204800 | 46 |
| 12 | Wayanad | 11417 | 802233.2 | 976400 | 218 |
| 13 | Kannur | 8265 | 3125582 | 582690 | 154 |
| 14 | Kasargode | 2509 | 222228 | 655780 | 301 |
| TOTAL | | 89862 | 10598025.3 | 15987097 | 2478 |

സെക്ഷൻ ഓഫീസർ